പ്രതിവാരം
സീതി

# വിലക്കപ്പെട്ട മരം

**'ആകാശഭൂമികളോളം** വലിയ ഒരു സ്വർഗം പടച്ചുവെച്ചിരിക്കുന്നു എന്ന് അല്ലാഹു പറയുന്നു. എന്നാൽ ഇക്കായുടെ പ്രസംഗം കേട്ടാൽ തോന്നുക, മൂപ്പരും വേറെ മൂന്നു നാല് ആളുകളും മാത്രമേ അവിടെ പ്രവേശിക്കുകയുള്ളൂ എന്നാണ് -മുഴുസമയ മതപ്രഭാഷകനായ, ഈ ലേഖകന്റെ നാട്ടുകാരനെക്കുറിച്ച് അദ്ദേഹത്തിന്റെ അനുജന്റെ കമന്റാണിത്. നമ്മുടെ നാട്ടിൽ നടക്കുന്ന മതപ്രഭാഷണങ്ങളുടെയും മതപരമായ ഉദ്ബോധനങ്ങളുടെയും ഉപദേശങ്ങളുടെയും ഒരു ഏകദേശചിത്രം ഇതിൽനിന്ന് ലഭിക്കും. ചില മതപ്രഭാഷകരുടെ പ്രസംഗം കേട്ടാൽ തോന്നുക, അബദ്ധം പറ്റുന്ന/ചെയ്യുന്ന ആളുകളെ കൈകാര്യം ചെയ്ത് വിരട്ടി പിഴിഞ്ഞ് തുണ്ടം തുണ്ടമാക്കി വേവിച്ച് വിഴുങ്ങാനായി പാത്തുപതുങ്ങി നിൽക്കുന്ന എന്തോ ഭീകരസത്വമാണ് അല്ലാഹു എന്നാണ്. വിശ്വാസികളെ വിരട്ടുക എന്നതായിരിക്കുന്നു മതപ്രഭാഷണങ്ങളുടെ കൊടിയടയാളം. ഓരോ ഖുത്ബയും ഒരു മത ലാത്തിച്ചാർജ് ആയി പരിണമിക്കുന്ന അവസ്ഥ കാണാം.

മതപ്രഭാഷണങ്ങളുടെ മാത്രം പ്രതിസന്ധിയല്ല ഇത്. മൊത്തം മതത്തെക്കുറിച്ച് തന്നെയുള്ള വികലമായ ധാരണയിൽനിന്നാണ് ഈ പ്രഭാഷണവഴക്കം രൂപപ്പെട്ടുവരുന്നത്. വിലക്കുകളുടെയും വിലങ്ങുകളുടെയും പരിമിതികളുടെയും അരുതുകളുടെയും വലിയൊരു സമാഹാരം മാത്രമാണ് മതം എന്ന ചിന്ത വ്യാപകമാണ്. എവിടെയൊക്കെ എത്രത്തോളം അരുത് പറയാൻ കഴിയുമോ എന്നതായിരിക്കുന്നു മതപാണ്ഡിത്യത്തിന്റെയും മതകീയ ജീവിതത്തിന്റെയും അടയാളം. മതപരമായ സംസ്കാരീകരണം (തർബിയത്ത്) എന്നത് അരുതുകളുടെ (do nots) ഒരു കൂടാരമാണ്. കർമത്തെയും സക്രിയതയെയും ജ്വലിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്നതിനു പകരം അകർമ്യതയുടെ ആഴങ്ങളിലേക്ക് വിശ്വാസിയെ നയിക്കുകയാണ് മതപ്രഭാഷണങ്ങൾ ചെയ്യുന്നത്. ഇത് ചെയ്യൂ, ഇങ്ങനെ ചെയ്യൂ, ഈ ചെയ്തത് നന്നായി എന്നൊക്കെയുള്ള കർമത്തെ ഉത്തേജിപ്പിക്കുന്ന വാക്കുകൾ വേണ്ടത്ര ഉയരുന്നില്ല. മറിച്ച് അത് ചെയ്യരുത്, ഇത് ചെയ്യരുത്, അയ്യട ആ ചെയ്തത് ശരിയായില്ല തുടങ്ങിയ നിരാശയെയും ആത്മനിന്ദയെയും ഉയർത്തുന്ന പ്രഘോഷണങ്ങൾക്കാണ് മേൽക്കൈ. മതം എന്നത് ഒരു മാത്തമാറ്റിക്കൽ അനുഭവമായിത്തീർന്നു. കള്ളികളിലും അക്ഷരക്കൂട്ടുകളിലും അത് ഒതുക്കപ്പെട്ടു. ആ പ്രവണത ശക്തിപ്പെട്ട് കള്ളികൾക്ക് പുറത്തുള്ളവർ മുബ്തദിഉകളും ഖുറാഫികളും മറ്റുമായി ബ്രാന്റ് ചെയ്യപ്പെടാൻ തുടങ്ങി. പ്യൂരിറ്റന്റ് ഇസ്‌ലാം എന്ന കാഴ്ചപ്പാട് വളർത്തപ്പെടുകയും തങ്ങൾ മാത്രമാണ് അതിന്റെ പ്രതിനിധികൾ എന്ന അവകാശവാദങ്ങൾ ഉയർത്തപ്പെടുകയും ചെയ്തു.

നിയമങ്ങളും വിലക്കുകളും ആവശ്യമില്ലാത്ത സ്വതന്ത്രവും അരാജകവുമായ സാമൂഹിക സംവിധാനം വേണമെന്നല്ല പറയുന്നത്. നിയമവും വിലക്കുകളും കർമത്തെ/നാഗരികതയെ നിയന്ത്രിക്കാനും സമന്വയിപ്പിക്കാനും അതിന്റെ ബാലൻസ് നിലനിർത്താനുമുള്ളതാണ്. എന്നാൽ നിയമങ്ങളും വിലക്കുകളും തന്നെ കേന്ദ്രപ്രമേയമായിത്തീർന്നാൽ എന്തു ചെയ്യും?

മനുഷ്യകർമത്തെ ആകാശത്തോളം ഉയർത്തി നാഗരികതയെ ജീവസ്സുറ്റതാക്കുക എന്നതാണ് യഥാർഥത്തിൽ വിശ്വാസികളിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്നത്. നാഗരികവും സാംസ്കാരികവുമായ ഈ വികാസത്തിനായുള്ള നിരന്തര യത്നത്തിനാണ് നാം *അമലുസ്സ്വാലിഹാത്* എന്നു പറയുന്നത്. *അമൽ* ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില അപകടമേഖലകളെക്കുറിച്ച ജാഗ്രതകളാണ് വേദഗ്രന്ഥത്തിലും പ്രവാചകാധ്യാപനങ്ങളിലും വിലക്കുകളായി കടന്നുവരുന്നത്. ഈ വിലക്കുകൾ മുഖ്യധാരയായി എന്നതാണ് സമകാലിക മതത്തിന്റെ പ്രതിസന്ധി.

പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് സമൂഹം വികസിതമാവുകയും പൗരസ്ത്യ സമൂഹങ്ങൾ അവികസിതമാവുകയും ചെയ്തതിന്റെ കാരണങ്ങളെ സാമൂഹിക ശാസ്ത്രജ്ഞനായ മാക്സ് വെബർ നിരീക്ഷിക്കുന്നുണ്ട്. തികഞ്ഞ ഭൗതികവാദത്തിന്റെ വിശകലന മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് വെബറിന്റെ സിദ്ധാന്തങ്ങൾ വികസിക്കുന്നതെങ്കിലും ഇസ്‌ലാമിക സമൂഹത്തിന്റെ സമകാലിക അവസ്ഥകളെ നിരീക്ഷിക്കുമ്പോൾ അദ്ദേഹത്തെയും അൽപമെങ്കിലും പരിഗണിക്കേണ്ടിവരും. കർമത്തേക്കാൾ അകർമ്യതക്ക് പ്രാമുഖ്യം നൽകുന്ന 'ആത്മീയ അധികം' പൗരസ്ത്യ സമൂഹത്തിനുള്ളതാണ് അവരെ അധോഗതിയിലേക്ക് നയിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. അകർമ്യതയെ പ്രോത്സാഹിപ്പിക്കുന്ന ആത്മീയത യഥാർഥത്തിൽ ഇസ്‌ലാമിക കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാണ്. 'നാളെ അന്ത്യനാളാകുമെന്ന് നിനക്ക് ഉറപ്പുകിട്ടിയാലും കൈയിലുള്ള വൃക്ഷത്തൈ നട്ടേക്കുക' എന്നാണ് മുസ്‌ലിംകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. മുൻകാല ഇസ്‌ലാമിക സമൂഹം നാഗരികതയുടെ സ്രഷ്ടാക്കളായത് ഈ ജീവിതവീക്ഷണം പ്രയോഗവത്കരിച്ചതുകൊണ്ടായിരുന്നു. വിലക്കുകൾ/അകർമ്യത എന്നത് പൗരോഹിത്യത്തിന്റെ അടയാളക്കുറിയാണ്. പൗരോഹിത്യം പ്രാമുഖ്യം നേടിയ ശേഷമാണ് ഇസ്‌ലാമിക സമൂഹം ഈ അർഥത്തിൽ ശോഷിച്ചുപോയത്.

നിരന്തരം അരുതുകൾ മാത്രം കേട്ടുവളരുന്ന കുട്ടി ഭീരുവും മടിയനും വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തിയില്ലാത്തവനുമായിരിക്കുമെന്ന് ബെഗോവിച്ച് നിരീക്ഷിക്കുന്നുണ്ട് (*നവോത്ഥാന ചിന്തകൾ* എന്ന പുസ്തകത്തിലെ 'നിങ്ങളാരെയാണ് വളർത്തുന്നത്' എന്ന ലേഖനം വായിക്കുക). കർമത്തിന്റെയും സാഹസികതയുടെയും അനുഭവങ്ങളുടെയും ലോകത്തേക്ക് അവനെ കൈപിടിച്ചുയർത്തുകയാണ് യഥാർഥത്തിൽ മുരബ്ബി കൂടിയായ രക്ഷിതാവ്/പിതാവ്/മാതാവ് ചെയ്യേണ്ടത്. എന്നാൽ ഇന്ന് രക്ഷിതാവിന്റെ ഈ ഉത്തരവാദിത്വം അധ്യാപകരിലും മദ്റസാ ഉസ്താദുമാരിലും ഏൽപിക്കപ്പെട്ടിരിക്കുകയാണ്. വിലക്കിന്റെ ഉരലിലിട്ട് മതത്തിന്റെ ഉലക്ക കൊണ്ട് വിദ്യാർഥിയെ ചമ്മന്തിയാക്കുന്ന പരിപാടിക്കാണ് നാം മദ്റസാ വിദ്യാഭ്യാസം എന്നു പറയുന്നത്. ആ ഉരലിലൂടെ കടന്നുവരുന്ന തലമുറക്ക് വലിയ ദൗത്യങ്ങൾ ഏറ്റെടുക്കാനുള്ള മാനസിക ആരോഗ്യമോ സാഹസികബോധമോ കെൽപോ ഉണ്ടാവില്ല. ഇസ്‌ലാമിക സമൂഹത്തിന്റെ അധോഗതിയെക്കുറിച്ച ചർച്ചയിൽ ഗൗരവപൂർവം പരിഗണിക്കപ്പെടേണ്ട ഒരു വശമാണിത്.

'ഇസ്‌ലാമിക ചിന്ത: പുനരാലോചനയുടെ പ്രസക്തി എന്ന തലക്കെട്ടിൽ എൻ.കെ.എം ശുകൂർ എഴുതിയ ലേഖനം (*പ്രബോധനം*, ഫെബ്രുവരി 17) വായിച്ചപ്പോൾ തോന്നിയ ചില കാര്യങ്ങളാണ് ഇവിടെ കുറിച്ചത്. *ഇസ്‌ലാമിക ജീവിതം ക്ലിഷ്ടമായ ഒരനുഷ്ഠാനമായി മാറുകയാണോ? വിശുദ്ധ ഗ്രന്ഥത്തിലില്ലാതിരു*

*ന്നിട്ടും ഒരുപാട് നിഷിദ്ധങ്ങളുടെയും വിലക്കുകളുടെയും മഹാപ്രളയത്തിൽ വിഹ്വലമായിപ്പോകുന്നു നമ്മുടെ ജീവിതം. സ്വാഭാവിക ജീവിതത്തിന്റെ വിപുലമായ വൃത്തത്തിന് അസ്വാഭാവികത ലോപം വരുത്തിവെക്കുന്നു. നൈസർഗികതകൾ നിരോധിക്കപ്പെടുന്നു. സർഗപരമായ ചോദനകൾക്ക് വിലക്കു വീഴുന്നു.....എന്തുകൊണ്ടിത് സംഭവിക്കുന്നു? ഖുർആനും ജീവിതവും തമ്മിലുള്ള താദാത്മ്യം വേർപിരിയുന്നത് എവിടെ വെച്ചാണ്?...ഇത്തരം സന്ദേഹങ്ങളുടെ മറുപടി അന്വേഷിക്കുമ്പോൾ, ആമുഖമായി ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ സർവാംഗീകൃതമായ ചില അടിസ്ഥാന പാഠങ്ങൾ അനുസ്മരിക്കുന്നത് സംഗതമായിരിക്കും. വളരെ പ്രാഥമികം എന്നു വിശേഷിപ്പിക്കാവുന്ന അത്തരം പാഠങ്ങളിൽ ഒന്നാമത്തേത് 'അടിസ്ഥാനപരമായി എല്ലാം അനുവദനീയമാണ്; വ്യക്തമായ പ്രമാണങ്ങളാൽ നിരോധിക്കപ്പെട്ടെങ്കിലല്ലാതെ' എന്നതാണ്. 'ഉദ്ദേശിച്ചേടത്തു നിന്ന് ഇഷ്ടാനുസാരം ആഗ്രഹിച്ചതൊക്കെ ആഹരിച്ചുകൊള്ളുക, എന്നാലോ ഈ മരത്തോട് നിങ്ങൾ അടുക്കരുത്' എന്ന് ആദ്യമേ തന്നെ ആദമിനോട് നിർദേശം നൽകിയത് അക്കാരണത്താലാകാനാണ് സാധ്യത.....* ശുകൂറിന്റെ നിരീക്ഷണങ്ങൾ ഇങ്ങനെ പോവുന്നു. അടുക്കാൻ പാടില്ലാതെ മരങ്ങൾ നിറഞ്ഞ ഒരു കാടായി ഭൂമിയെ കണക്കാക്കുന്ന മതസന്ദർഭത്തിൽ ഈ നിരീക്ഷണങ്ങൾ ഗൗരവപൂർവം പരിഗണിക്കപ്പെടേണ്ടതു തന്നെയാണ്. ■